8
വെള്ളി
2018 ജൂൺ
1193 എടവം 25

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
സോന വുഡ്
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

രാജ്യസഭ സീറ്റ്: ഘടകകക്ഷികൾക്കും അമർഷം • ജോണി നെല്ലൂരും ഷാനിമോളും എ.എ.അസീസും തിരുവഞ്ചൂരും അമർഷം പ്രകടമാക്കി • കെ.എസ്.യു കോഴിക്കോട് ജില്ലാ കമ്മിറ്റി രാജിവെച്ചു

മലപ്പുറം കോൺഗ്രസ് ഓഫീസിൽ ലീഗ് പതാക; തങ്കച്ചൻ യു.ഡി.എഫ് യോഗം ബഹിഷ്കരിച്ചു

തിരുവനന്തപുരം: രാജ്യസഭ സീറ്റ് മാണി കേരള കോൺഗ്രസിന് വിട്ടുകൊടുത്ത തീരുമാനത്തിനെതിരെ കോൺഗ്രസിൽ പുകയുന്ന അമർഷം ഘടകകക്ഷികളിലേക്കും വ്യാപിച്ചു. കേരള കോൺഗ്രസ് ജേക്കബ് വിഭാഗം നേതാവ് ജോണി നെല്ലൂർ, ആർ.എസ്.പി. നേതാവ് എ.എ. അസീസ് എന്നിവർ അമർഷം പ്രകടമാക്കി. കോൺഗ്രസ് നേതാക്കളായ ഷാനിമോൾ ഉസ്മാൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് വാഴക്കാൻ എന്നിവരും പരസ്യമായി പ്രതികരിച്ചു. കെ.എസ്.യു കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രതിഷേധ സൂചകമായി രാജിവെച്ചു. സംസ്ഥാനത്തിന്റെ പലഭാഗത്തും കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധ പ്രകടനം നടത്തി. മലപ്പുറം ഡി.സി.സി ഓഫീസിൽ കോൺഗ്രസ് പ്രവർത്തകർ മുസ്ലിംലീഗ് പതാക ഉയർത്തി.

ഇന്ന് രാവിലെയാണ് ഡി.സി.സി. ഓഫീസിലെ കൊടിമരത്തിൽ കെട്ടിയ കോൺഗ്രസ് പതാകക്ക് മീതെ മുസ്ലിംലീഗ് പതാക പ്രത്യക്ഷപ്പെട്ടത്. ഇന്ന് പുലർച്ചെ ഒരു സംഘം കോൺഗ്രസ് പ്രവർത്തകരാണ് ലീഗ് പതാക കെട്ടിയതെന്നാണ് സൂചന. മുസ്ലിംലീഗിന്റെ സമ്മർദത്തിന് വഴങ്ങി രാജ്യസഭ സീറ്റ് മാണി കേരള കോൺഗ്രസിന് വിട്ടുകൊടുത്തതിലുള്ള പ്രതിഷേധമാണ് ലീഗ് പതാക ഉയർത്തിയതിലൂടെ പ്രവർത്തകർ പ്രകടമാക്കിയത്.

ഇന്ന് രാവിലെ 11 മണിയോടെ ആരംഭിച്ച യു.ഡി.എഫ് നേതൃയോഗം കേരള കോൺഗ്രസ് ജേക്കബ് വിഭാഗം നേതാവ് ജോണി നെല്ലൂർ ബഹിഷ്ക്കരിക്കുകയായിരുന്നു. കാലിന് അസുഖം കാരണമാണ് യോഗത്തിൽ പങ്കെടുക്കാതിരുന്നതെന്നാണ് അദേഹം നൽകുന്ന വിശദീകരണമെങ്കിലും രാജ്യസഭ സീറ്റ് മാണി വിഭാഗത്തിന് നൽകിയതിലുള്ള പ്രതിഷേധമാണ് ബഹിഷ്ക്കരണത്തിന് കാരണമെന്നാണ് സൂചന. മാണി വിഭാഗത്തെ യു.ഡി.എഫിന്റെ ഭാഗമാക്കുന്നത് ഘടകകക്ഷികളുമായി ചർച്ച ചെയ്യാത്തതിൽ ജോണി നെല്ലൂർ അസംതൃപ്തി പ്രകടിപ്പിച്ചു. ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പിന് മുന്നേ മാണിയെ യു.ഡി.എഫ് നേതാക്കൾ കാണാൻ പോകുമ്പോൾ തന്നോട് അക്കാര്യം ചർച്ച ചെയ്യാത്തതിൽ വിഷമമുണ്ടെന്ന് ജോണി നെല്ലൂർ പറഞ്ഞു. എങ്കിലും മുന്നണി വിപുലീകരണത്തിന് തങ്ങൾ എതിരല്ല. മാണി വിഭാഗത്തെ യു.ഡി.എഫിൽ കൊണ്ടുവരണമെന്ന് എക്കാലവും ഞങ്ങൾ ആവശ്യപ്പെട്ടിരുന്നു. രാജ്യസഭ സീറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരസ്യമായി ചർച്ച ചെയ്യാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും അദേഹം കൂട്ടിച്ചേർത്തു.

രാജ്യസഭ സീറ്റ് മാണി ഗ്രൂപ്പിന് നൽകുന്നത് സംബന്ധിച്ച് യു.ഡി.എഫിൽ ചർച്ച ചെയ്യാത്തതിൽ ആർ.എസ്.പി നേതാവ് എ.എ. അസീസ് അനിഷ്ടം പ്രകടമാക്കി. ഘടകകക്ഷികളെ ഇരുട്ടത്ത് നിർത്തി നടത്തിയ തീരുമാനമാണ് ഇതെന്ന് അദേഹം തുറന്നടിച്ചു.

തിങ്കളാഴ്ച നടക്കുന്ന യു.ഡി.എഫ് ഉന്നത അധികാരസമിതി യോഗം മാറ്റിവെക്കണമെന്ന് എ.ഐ.സി.സി സെക്രട്ടറിയായ ഷാനിമോൾ ഉസ്മാൻ ആവശ്യപ്പെട്ടു. നേതാക്കളുടെ തന്നിഷ്ടം നടപ്പിലാക്കാൻ പറ്റില്ല. കോൺഗ്രസ് ഹൈക്കമാണ്ട് ഇക്കാര്യത്തിൽ അടിയന്തര ഇടപെടണമെന്ന് ഷാനിമോൾ ഉസ്മാൻ ആവശ്യപ്പെട്ടു.

ഇത്തരം കാര്യങ്ങൾ തീരുമാനിക്കുമ്പോൾ പാർട്ടി പ്രവർത്തകരുടെ പൊതുഅഭിപ്രായം പരിഗണിക്കണമായിരുന്നുവെന്ന് കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതികരിച്ചു. ഒരു പറ്റം നേതാക്കളുടെ സ്വാർത്ഥതാൽപ്പര്യം നടപ്പിലാക്കുകയാണെന്ന് കോൺഗ്രസ് നേതാവ് ജോസഫ് വാഴക്കൻ ആരോപിച്ചു.

കൺവീനർ പി.പി.തങ്കച്ചനും യു.ഡി.എഫ് യോഗത്തിൽ നിന്ന് വിട്ടുനിന്നു. രാജ്യസഭാ സീറ്റ് സംബന്ധിച്ച വിയോജിപ്പാണ് തങ്കച്ചനെ വിട്ടു നിൽക്കാൻ പ്രേരിപ്പിച്ചത്. ഹൈക്കമാന്റിനെ തെറ്റിദ്ധരിപ്പിച്ചാണ് കേരള കോൺഗ്രസ് എമ്മിന് സീറ്റ് നൽകിയതെന്ന് തങ്കച്ചൻ ആരോപിച്ചു. കെ.മുരളീധരനും യോഗത്തിൽ നിന്ന് വിട്ടു നിൽക്കുകയാണ്.

കോൺഗ്രസ് പതാകക്ക് മുകളിൽ ലീഗിന്റെ പതാക കെട്ടിയ നിലയിൽ

ആലപ്പുഴയിൽ പോസ്റ്ററുകൾ; ഉമ്മൻചാണ്ടിയുടെ ചിത്രത്തിൽ കരിഓയിൽ

ആലപ്പുഴ: രാജ്യസഭാസീറ്റ് കേരള കോൺഗ്രസിന് വിട്ടുകൊടുത്തതിന് എതിരെ കോൺഗ്രസ് നേതാക്കൾക്ക് എതിരേ വ്യാപക പോസ്റ്ററുകൾ. ഉമ്മൻചാണ്ടി, രമേശ് ചെന്നിത്തല, എം.എം.ഹസൻ എന്നിവർക്കെതിരെയാണ് പോസ്റ്ററുകൾ. കോൺഗ്രസിനെ ഭരിക്കുന്നത് ലീഗാണോയെന്ന് പോസ്റ്ററുകളിൽ ചോദിക്കുന്നു. ഉമ്മൻചാണ്ടിയുടെ പോസ്റ്ററിൽ കരിഓയിൽ ഒഴിക്കുകയും ചെയ്തു. യൂത്ത് കോൺഗ്രസിന്റെയും സേവ് കോൺഗ്രസ് ഫോറത്തിന്റെയും പേരിലാണ് പോസ്റ്ററുകൾ.

യൂത്ത് കോൺഗ്രസ് ചെറുപുഴ ബ്ലോക്ക് പ്രസിഡണ്ട് രാജിവെച്ചു

പരമപുച്ഛമെന്ന് റിജിൽ മാക്കുറ്റി; തൂക്കുകയർ ചിത്രം സഹിതം ഹൈബി ഈഡൻ

കണ്ണൂർ: രാജ്യസഭ സീറ്റ് മാണി കേരള കോൺഗ്രസിന് വിട്ടുകൊടുത്തതിനെതിരെ കോൺഗ്രസ് യുവനേതാക്കൾ ശക്തമായ പ്രതികരണം ഉയർത്തി. പരമപുച്ഛമെന്നാണ് യൂത്ത് കോൺഗ്രസ് നേതാവ് റിജിൽമാക്കുറ്റി തന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽ കുറിച്ചത്. തൂക്കുകയറിന്റെ ചിത്രം സഹിതമാണ് ഹൈബി ഈഡൻ എം.എൽ.എ പ്രതികരിച്ചത്. ആത്മഹത്യാപരമാണ് പാർട്ടി തീരുമാനമെന്നും ഉപതിരഞ്ഞെടുപ്പിലെ കനത്ത പ്രഹരത്തിൽ നിന്നും കോൺഗ്രസ് പാഠം പഠിച്ചിട്ടില്ലെന്നും ഹൈബി തന്റെ ഫെയ്സ്ബുക്കിൽ അഭിപ്രായപ്പെട്ടു. വിട്ടുവീഴ്ചയെ കുറിച്ച് ചിന്തിക്കാൻ കഴിയുന്നില്ലെന്ന് കെ.എസ്. ശബരിനാഥ് എം.എൽ.എയും ആത്മാഭിമാനം പാലായിൽ പണയംവെച്ചുവെന്ന് റോജി എം.ജോൺ എം.എൽ.എയും പ്രതികരിച്ചു. എം.എൽ.എമാരായ ഷാഫി പറമ്പിൽ, വി.ടി. ബൽറാം, അനിൽഅക്കര എന്നീ യുവ നേതാക്കളും കോൺഗ്രസ് തീരുമാനത്തെ രൂക്ഷമായി വിമർശിച്ചു. തീരുമാനത്തിൽ പ്രതിഷേധിച്ച് ചെറുപുഴ യൂത്ത് കോൺഗ്രസ് പ്രസിഡണ്ട് കെ.കെ. സുരേഷ് കുമാർ സ്ഥാനം രാജിവെച്ചു.

കെ.സുധാകരനെ പ്രസിഡണ്ടാക്കണം; കെ.പി.സി.സി ആസ്ഥാനത്ത് ബോർഡുകൾ

തിരുവനന്തപുരം: രാജ്യസഭ സീറ്റ് മാണി ഗ്രൂപ്പിന് വിട്ടു നൽകിയത് സംബന്ധിച്ച വിവാദം നിലനിൽക്കുന്നതിനിടയിൽ കെ. സുധാകരനെ കെ.പി.സി.സി പ്രസിഡണ്ട് ആക്കണമെന്നാവശ്യപ്പെട്ട് തലസ്ഥാന നഗരിയിൽ വ്യാപകമായി ബോർഡുകൾ പ്രത്യക്ഷപ്പെട്ടു. കെ.പി.സി.സി. ആസ്ഥാനമായ ഇന്ദിരാഭവന് സമീപം വരെ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഓഫീസ് ബോർഡിന്റെ തൊട്ടടുത്താണ് സുധാകരന് വേണ്ടി ബോർഡ് സ്ഥാപിച്ചിട്ടുള്ളത്. നഗരത്തിൽ അരഡസനോളം ബോർഡുകളാണ് മിനിഞ്ഞാന്ന് രാത്രിയും ഇന്നലെ പകലുമായി പ്രത്യക്ഷപ്പെട്ടത്. വർഗീയതക്കെതിരെ, നരഹത്യക്കെതിരെ പടപൊരുതാൻ വേണം കെ. സുധാകരൻ കോൺഗ്രസിന്റെ തലപ്പത്ത് എന്നാണ് ബോർഡിലുള്ളത്. കോൺഗ്രസ് ജയിക്കേണ്ടേയെന്ന ബോർഡ് യൂത്ത് കോൺഗ്രസിന്റെ പേരിലാണ് സ്ഥാപിച്ചിട്ടുള്ളത്. ഒരു ഒത്തുതീർപ്പിനുമില്ലെന്നും ഒരു ബോർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കെ.പി.സി.സി ഓഫീസിന് മുന്നിൽ സുധാകരനെ അനുകൂലിച്ച് പ്രത്യക്ഷപ്പെട്ട ബോർഡ്

അതിനിടെ സുധാകരനെ കെ. പി. സി. സി പ്രസിഡണ്ടാക്കണമെന്നാവശ്യപ്പെട്ട് ഫെയ്സ്ബുക്കിലൂടെയും വ്യാപകമായി അഭിപ്രായ രൂപീകരണം നടക്കുന്നുണ്ട്. രാഹുൽഗാന്ധിയുടെ ഫെയ്സ്ബുക്കിൽ പോലും നിരവധി പേർ സുധാകരനെ പ്രസിഡണ്ടാക്കണമെന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

ഞാനും മോനും രാജ്യസഭയിലേക്കില്ലെന്ന് മാണി

തിരുവനന്തപുരം: തന്റെ നേതൃത്വത്തിലുള്ള കേരള കോൺഗ്രസ് യു.ഡി.എഫിൽ തിരിച്ചുവരാൻ തീരുമാനിച്ചതായി കെ.എം. മാണി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മതനിരപേക്ഷ ശക്തികളെ ശക്തിപ്പെടുത്തണമെന്നതിനാലാണ് വീണ്ടും യു.ഡി.എഫ് കൂട്ടായ്മയുടെ ഭാഗമാകാൻ തീരുമാനിച്ചതെന്ന് കേരള കോൺഗ്രസ് നേതൃയോഗത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ അദേഹം വ്യക്തമാക്കി.

യു.ഡി.എഫിലേക്ക് തിരിച്ചുവരാനുള്ള ചർച്ചയ്ക്ക് മുൻകൈയെടുത്തത് മുസ്ലിം ലീഗ് നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിയാണ്. അദേഹത്തിന് മാണി നന്ദി രേഖപ്പെടുത്തി. താനോ മകൻ ജോസ് കെ. മാണിയോ രാജ്യസഭ സീറ്റിലേക്ക് മൽസരിക്കില്ലെന്നും മാണി പറഞ്ഞു. സ്ഥാനാർത്ഥിയെ പിന്നീട് കൂടിയാലോചിച്ച് തീരുമാനിക്കും. രാജ്യസഭ സീറ്റിനായി ഉപാധികളൊന്നും വെച്ചിട്ടില്ലെന്നും അദേഹം പറഞ്ഞു. പി.ജെ. ജോസഫ്, ജോസ് കെ. മാണി എന്നിവരും വാർത്താ സമ്മേളനത്തിൽ സംബന്ധിച്ചു.

രാജി ആത്മാഭിമാനമുള്ളതുകൊണ്ടെന്ന് കെ.പി.സി.സി സെക്രട്ടറി

കോഴിക്കോട്: കെ.പി.സി.സി സെക്രട്ടറി സ്ഥാനത്ത് നിന്ന് താൻ രാജിവെച്ചത് ആത്മാഭിമാനമുള്ളതുകൊണ്ടാണെന്ന് കെ. ജയന്ത് വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു. രാജ്യസഭ സീറ്റ് വിഷയത്തിൽ പ്രതിഷേധിച്ച് ഇന്നലെ രാത്രിയോടെയാണ് ജയന്ത് കെ.പി.സി.സി ഭാരവാഹി സ്ഥാനം രാജിവെച്ചത്. 2019ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ തിരിച്ചുവരവിന് കോൺഗ്രസ് ശ്രമം നടത്തിക്കൊണ്ടിരിക്കെ അതിനെ തകർക്കുന്ന സമീപനമാണ് രാജ്യസഭ സീറ്റ് വിഷയത്തിലുണ്ടായതെന്ന് ജയന്ത് കുറ്റപ്പെടുത്തി. മാണി ഒരു മാരണം എന്ന് വീക്ഷണം മുഖപ്രസംഗം എഴുതിയിരുന്നു. സാധാരണ പ്രവർത്തകരുടെ വികാരത്തിനൊപ്പം നിൽക്കാനാണ് തന്റെ രാജിയെന്നും അദേഹം പറഞ്ഞു.

സ്വകാര്യ വ്യക്തിയുടെ കോംപ്ലക്സിലേക്ക് പഞ്ചായത്ത് വക റോഡ്; എതിർക്കാത്തതിനെ ചൊല്ലി സി.പി.എമ്മിൽ വിവാദം

പയ്യാവൂർ: സ്വകാര്യ വ്യക്തി പണിയുന്ന കോംപ്ലക്സിലേക്ക് പഞ്ചായത്ത് വക റോഡ് നിർമ്മിക്കുന്നതിനെ എതിർക്കാത്തതിനെ ചൊല്ലി സി.പി.എമ്മിനകത്ത് ചേരിപ്പോര്. കോൺഗ്രസ് ഭരിക്കുന്ന പയ്യാവൂർ പഞ്ചായത്ത് ഭരണസമിതിയാണ് റോഡ് പണിയുന്നത്. നാട്ടുകാർക്ക് വേണ്ടിയുള്ള റോഡ് എന്ന പേരിലാണ് പണിയുന്നതെങ്കിലും ഇത് പൂർണ്ണമായും സ്വകാര്യ വ്യക്തിയുടെ കോംപ്ലക്സിന് മാത്രം ഉപകരിക്കത്ത രീതിയിലുള്ളതാണ്.

പഞ്ചായത്ത് ഭരണസമിതിയിൽ ഇതിനെതിരെ നിലപാടെടുക്കാത്തതിനെ ചൊല്ലിയാണ് സി.പി.എമ്മിനകത്ത് വിവാദം രൂപംകൊണ്ടത്. പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ സി.പി.എമ്മിലെ ജോയി ജോസഫ് മാത്രമാണ് വിയോജിപ്പ് രേഖപ്പെടുത്തിയത്. സി.പി.എമ്മിന്റെ മറ്റൊരംഗം യോഗത്തിൽ നിന്ന് വിട്ടുനിന്നു. യോഗത്തിൽ പങ്കെടുത്ത രണ്ടുപേർ പ്രതികരിച്ചതുമില്ല. ഇതേ ചൊല്ലിയാണ് വിവാദം ഉടലെടുത്തത്. ഇന്നലെ പാർട്ടി കോൺഗ്രസ് തീരുമാനം റിപ്പോർട്ട് ചെയ്യാൻ ലോക്കൽ കമ്മിറ്റി ഓഫീസായി പുളുക്കൂൽ മന്ദിരത്തിൽ യോഗം ചേർന്നപ്പോൾ പാർട്ടിയംഗങ്ങളിൽ ചിലർ റിപ്പോർട്ടിങ്ങിനെത്തിയ ജില്ലാ കമ്മിറ്റിയംഗം കെ. കരുണാകരന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യം ചർച്ച ചെയ്യാമെന്ന് അദേഹം ഉറപ്പ് നൽകിയതായാണ് സൂചന.

എടത്തല പോലീസ് മർദനം; മുഖ്യമന്ത്രിയുടെ പരാമർശത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്ക്കരിച്ചു

തിരുവനന്തപുരം: പ്രതിപക്ഷ ബഹിഷ്ക്കരണത്തെ തുടർന്ന് നിയമസഭ ഇന്നും പിരിഞ്ഞു. ആലുവ എടത്തലയിൽ ഉസ്മാനെ പോലീസ് തല്ലിച്ചതച്ച സംഭവത്തിൽ പ്രതിഷേധം സംഘടിപ്പിച്ചവർ തീവ്രവാദ സ്വഭാവമുള്ളവരാണെന്നും അത്തരക്കാരെ പ്രതിപക്ഷം സംരക്ഷിക്കുന്നുവെന്നുമുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ പരാമർശമാണ് സഭയിൽ വീണ്ടും പ്രതിപക്ഷ ബഹളത്തിനിടയാക്കിയത്. ഇന്ന് സഭാ നടപടികൾ ആരംഭിച്ചപ്പോൾ ഞങ്ങൾ തീവ്രവാദികൾ ആണോയെന്ന ബാഡ്ജും ധരിച്ചാണ് പ്രതിപക്ഷ അംഗങ്ങൾ സഭയിൽ ഹാജരായത്. മുഖ്യമന്ത്രിയുടെ പരാമർശത്തിനെതിരെ കോൺഗ്രസിലെ പി.ടി. തോമസ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. കെ.സി. ജോസഫ് സബ്മിഷനും നോട്ടീസ് നൽകിയിരുന്നു. എന്നാൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അടിയന്തര പ്രമേയ നോട്ടീസ് അവതരിപ്പിക്കാൻ അനുമതി നൽകിയില്ല. പക്ഷെ വിശദീകരണത്തിനായി മുഖ്യമന്ത്രി എഴുന്നേറ്റപ്പോൾ അടിയന്തര പ്രമേയ നോട്ടീസിന് അനുമതി തന്നാൽ മാത്രമേ മുഖ്യമന്ത്രിക്ക് വിശദീകരണം നൽകാൻ അവകാശമുള്ളുവെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. എന്നാൽ ഇത് കണക്കിലെടുക്കാതെ മുഖ്യമന്ത്രി വിശദീകരണം നൽകാൻ തുടങ്ങി. ഇതോടെയാണ് പ്രതിപക്ഷ അംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപമെത്തി പ്രതിഷേധിച്ചത്. അതിനിടയിൽ ഇന്നലെ പറഞ്ഞ കാര്യങ്ങളിൽ ഞാൻ ഉറച്ച് നിൽക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതോടെ പ്രതിപക്ഷം സഭ ബഹിഷ്ക്കരിക്കുകയായിരുന്നു.

ജോസഫ് വിഭാഗവും അവകാശവാദം ഉന്നയിച്ചു

കോട്ടയം: കേരള കോൺഗ്സ് എമ്മിന് ലഭിച്ച രാജ്യസഭാ സീറ്റ് തങ്ങൾക്ക് നൽകണമെന്ന അവകാശവാദവുമായി ജോസഫ് വാഭാഗം രംഗത്ത്. ഇന്ന് സ്ഥാനാർത്ഥയെ നിശ്ചയിക്കാൻ പാർലമെന്ററി യോഗം ചേരാനിരിക്കെയാണ് ജോസഫ് വിഭാഗം അവകാശ വാദം ഉന്നയിച്ചത്. സംസ്ഥാന ജനറൽ സെക്രട്ടറി ഡി.കെ. ജോണിന് സീറ്റ് നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ഇന്നലെയാണ് ഒഴിവ് വന്ന രാജ്യസഭാ സീറ്റ് ഇപ്പോൾ യു.ഡി.എഫിന്റെ ഭാഗമല്ലാത്ത കേരള കോൺഗ്രസ് എമ്മിന് നൽകാൻ കോൺഗ്രസ് നേതൃത്വം തീരുമാനിച്ചത്. മാണിയെ മുന്നണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു ഇങ്ങനെയൊരു തീരുമാനം. അതേസമയം സീറ്റിന് വേണ്ടി ജോസഫ് വിഭാഗം കടുംപിടിത്തം പിടിക്കില്ലെന്നാണ് അറിയുന്നത്.

കോൺഗ്രസിലെ അസംതൃപ്തർക്ക് വാതിൽ തുറന്ന് ബി.ജെ.പി.

കോഴിക്കോട്: രാജ്യസഭാ സീറ്റ് വിഷയത്തിൽ കോൺഗ്രസിലെ അസംതൃപ്തരെ സ്വാഗതം ചെയ്ത് ബി.ജെ.പി. നേതാക്കൾ രംഗത്ത്. അസംതൃപ്തർക്കായി വാതിലുകൾ തുറന്ന് വെച്ചതായി ബി.ജെ.പി നേതാവ് പി.കെ.കൃഷ്ണദാസ് പറഞ്ഞു. ആദർശബോധമുള്ളവർക്ക് കോൺഗ്രസിൽ ഇനി തുടരാൻ കഴിയില്ലെന്ന് മറ്റൊരു നേതാവായ കെ.സുരേന്ദ്രൻ പറഞ്ഞു. അത്തരക്കാർക്ക് ബി.ജെ.പിയിൽ വരാമെന്നും അദേഹം കൂട്ടിച്ചേർത്തു.

രാജ്യസഭയിലേക്ക് എളമരം കരീം

തിരുവനന്തപുരം: രാജ്യസഭയിലേക്ക് സി.പി.എം എളമരം കരീമിനെ മൽസരിപ്പിക്കുമെന്ന് സൂചന. ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ പ്രസിഡണ്ട് മുഹമ്മദ് റിയാസ്, ചെറിയാൻ ഫിലിപ്പ് എന്നിവരുടെ പേരുകളും സജീവമായി പരിഗണനയിലുണ്ടായിരുന്നു. ഇ. ബാലാനന്ദന് ശേഷം സി.ഐ.ടി.യു നേതൃത്വത്തിൽ നിന്നും ആരും രാജ്യസഭയിൽ എത്തിയിട്ടില്ല എന്നതാണ് എളമരം കരീമിന്റെ പേരിന് മുൻതൂക്കം ലഭിക്കാൻ കാരണമായത്. സി.ഐ.ടി.യുവിന്റെ അഖിലേന്ത്യാ സെക്രട്ടറിയാണ് മുൻ മന്ത്രി കൂടിയായ എളമരം കരീം

കഞ്ചാവുമായി യുവാവ് അറസ്റ്റിൽ

പാനൂർ: 25ഗ്രാം കഞ്ചാവുമായി യുവാവ് പിടിയിൽ. കണ്ണമ്പള്ളിയിലെ നാസറി(29)നെയാണ് പാനൂർ സി.ഐ ബെന്നി അറസ്റ്റ് ചെയ്തത്.

വയോധികനെ നായ കടിച്ചു

കണ്ണൂർ: കക്കാട് കടവരാന്തയിൽ കിടന്നുറങ്ങുകയായിരുന്ന വയോധികനെ നായ കിടിച്ചു പരിക്കേൽപ്പിച്ചു. തമിഴ്നാട് കടലൂർ സ്വദേശി വാസുദേവനെ(86)യാണ് ഇന്ന് പുലർച്ചെ നായ അക്രമിച്ചത്. യാചകനാണെന്ന് സംശയിക്കുന്ന ഇയാളെ ജില്ലാശുപത്രിയിൽ പ്രവേശിപ്പിച്ചു.

മുട്ടുവേദന, നടുവേദന മാറാൻ ചികിൽസ നാളെ (ശനി)
തളിപ്പറമ്പ് യതീംഖാനയിൽ

തളിപ്പറമ്പ: തളിപ്പറമ്പ് യതീംഖാനയിൽ ശനിയാഴ്ച രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണിവരെ അക്യുപങ്ചർ ചികിത്സ ലഭിക്കും. മരുന്നില്ലാത്ത അക്യുപങ്ചർ നാഡി പരിശോധന ചികിത്സ എല്ലാ രോഗങ്ങൾക്കും ഫലപ്രദമാണ്. ഈ ചികിത്സ കൊണ്ട് ശരീരത്തിന്റെ മൊത്തം രോഗ പ്രതിരോധശേഷി വർധിക്കും. പ്രമേഹം, കൊളസ്ട്രോൾ, രക്തസമ്മർദ്ദം, ഹൃദ്രോഗം, കിഡ്നിയിലെ കല്ല്, മൂത്രക്കല്ല്, വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ഓർമ്മക്കുറവ്, തലവേദന, ചെന്നിക്കുത്ത്, കൈകാൽ മുട്ടുവേദന, ഊരവേദനകൾ, തരിപ്പുകൾ തുടങ്ങി ശരീരത്തിലെ എല്ലാവേദനകളും കൈകാൽ വിള്ളൽ, ടോൺസൺസ്, തൈറോയിഡ്, ചുമ, അലർജി, കഫക്കെട്ട് തുടങ്ങി എല്ലാ രോഗങ്ങൾക്കും കുട്ടികളിലെ ഉറക്കത്തിൽ മൂത്രമൊഴിക്കൽ, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും, ഓർമ്മശക്തി വർധിപ്പിക്കാനും ഈ ചികിത്സ ഉപകരിക്കും. വിശദ വിവരങ്ങൾക്ക് 9142022833 എന്ന നമ്പറിൽ ബന്ധപ്പെടണം. Advt

കരുവഞ്ചാൽ CMR വില്ല പ്രൊജക്ടിന്റെ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് നാളെ (09-06-2018 ശനിയാഴ്ച)
രാവിലെ 10 മണിക്ക് മീൻപറ്റിയിൽ ഉദ്ഘാടനം ചെയ്യുന്നു

CMR DEVELOPERS
www.cmrdeveloper.com
ISO 9001: 2015 certified builder
OHSAS 18001: 2007 accredited builder
Administrative office:
Meenpatty, Karuvanchal
Ph: 0460 2247555, 9744475555

വെഞ്ചരിപ്പ്:
ഫാ.കുര്യാക്കോസ് കളരിക്കൽ
വികാരി, വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ചർച്ച്

തിരി തെളിയിക്കൽ
ജയിംസ് പുത്തൻപുര

ഉദ്ഘാടനം
കുമാരി അൽവിന, അന്ന, അയിന & അയിസ

നാളിതുവരെ ഞങ്ങളിലർപ്പിച്ച വിശ്വാസത്തിന് നന്ദി. ഓഫീസ് ഉദ്ഘാടന വേളയിലും തുടർന്നും ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.
എന്ന്, മാനേജ്മെന്റ് & സ്റ്റാഫ്